# അദ്ധ്യായം - 45



*കാക്കാസാഹെബിന്റെ സന്ദേഹവും ആനന്ദറാവുവിന്റെ ദർശ നവും-മരപ്പലക ബാബയുടെ കിടപ്പിടമാണ്, ഭഗത്തിന്റേതല്ല.*

## മുഖവുര

കഴിഞ്ഞ മൂന്ന് അദ്ധ്യായങ്ങളിൽ ബാബയുടെ മഹാസ മാധിയെപ്പറ്റി വിവരിച്ചു. ബാബയുടെ ക്ഷണിക ശരീരം നമ്മുടെ മുന്നിൽ നിന്ന് അപ്രത്യക്ഷമായി എന്നത് ശരിയാണ്. പക്ഷെ ബാബയുടെ സൂക്ഷ്മശരീരവും പ്രചോദനവും ശാശ്വതങ്ങളാണ്. ബാബ ജീവിച്ചിരുന്ന കാലത്തെ ലീലകളെയാണ് ഇതുവരെ പ്രസ്താവിച്ചത്. മഹാസമാധിക്കുശേഷവും പുതിയലീലകൾ ഉണ്ടാവുകയും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുകയാണ്. ഇത് ബാബ എന്നും ജിവിച്ചിരിപ്പുണ്ടെന്നും സദാ ഭക്തന്മാരെ സഹാ യിച്ചുകൊണ്ടിരിക്കുന്നുവെന്നും തെളിയിക്കുന്നു. ബാബയെ ദേഹ ത്തോടുകൂടി കണ്ടവർ മഹാ ഭാഗ്യവാന്മാർ തന്നെ. പക്ഷെ അവ രിലാർക്കെങ്കിലും നിസ്സംഗമനോഭാവം വളരാതെ ഈശ്വരവി ശ്വാസം ഉറച്ച് കിട്ടിയില്ലെങ്കിൽ അത് നിർഭാഗ്യമെന്നേ പറയാവൂ.

അന്നും ഇന്നും വേണ്ടത് ബാബയോടുള്ള അകമഴിഞ്ഞ ഭക്തി യാണ്. മനോബുദ്ധ്യഹങ്കാരങ്ങളെക്കൊണ്ടും അവയവങ്ങളെ ക്കൊണ്ടും ഒരു സമ്മിളിതമായ ആരാധനയാണ്, നാം ബാബക്ക് ചെയ്യേണ്ടത്. ചില അവയവങ്ങളെക്കൊണ്ട് ആരാധിച്ച് മറ്റുള്ളവ അതിൽ വ്യാപരിക്കാതിരുന്നാൽ ആ ആരാധന പ്രയോജനഹീ നമാണ്. ആരാധനയോ ധ്യാനമോ ചെയ്യുകയാണെങ്കിൽ അത് പൂർണ്ണമനസ്സാലെ ആയിരിക്കേണ്ടതാണ്.

ഒരു പതിവ്രതക്ക് ഭർത്താവിനോടുള്ള ഭക്തിയെ ചില പ്പോൾ ശിഷ്യന് ഗുരുവിനോടുള്ള ഭക്തിയുമായി ഉപമിക്കാറുണ്ട്. എങ്കിലും ആദ്യത്തേത് രണ്ടാമത്തേക്കാൾ എത്രയോ ലഘുവാ ണ്. ഗുരുഭക്തിക്ക് സാമ്യമായി മറ്റൊന്നില്ല. ജീവിതലക്ഷ്യം പ്രാപി ക്കുന്ന കാര്യത്തിൽ മാതാപിതാക്കന്മാരോ സഹോദരങ്ങളോ, ബന്ധുക്കളോ ഒന്നും തന്നെ നമ്മെ സഹായിക്കുന്നില്ല. ആ മാർഗ്ഗം നാം തന്നെ ഒറ്റക്ക് നടന്നുപോകേണ്ടതാണ്. നമുക്ക് സത്യാവിവേചനം വേണം. ഇഹത്തിലും പരത്തിലുമുള്ള ഭോഗാ സക്തി ഉപേക്ഷിച്ച് മനസ്സും ഇന്ദ്രിയങ്ങളും നിയന്ത്രാണാധീന മാക്കിവേണം മോക്ഷത്തെക്കുറിച്ചുമാത്രം ശ്രദ്ധിക്കുവാൻ. മറ്റു ള്ളവരെ ആശ്രയിക്കുന്നതിന്നുപകരം നമുക്കു നമ്മിൽതന്നെ പൂർണ്ണവിശ്വാസമുണ്ടായിരിക്കലാണ് പ്രധാനമായും വേണ്ടത്. വിവേകത്തോടെ വീക്ഷിച്ചാൽ നമുക്ക് ലോകം ക്ഷണികവും മിഥ്യ യുമാണെന്ന് ബോദ്ധ്യമാകും. ലൗകികങ്ങളിൽ ആസക്തി ചുരു ങ്ങിവന്ന്, അവസാനം നിസ്സംഗത്വവും അനാസ്ക്തിയും നമുക്ക് കൈവരുന്നു. ബ്രഹ്മം എന്നത് ഗുരുവല്ലാതെ മറ്റാരുമല്ലെന്ന ബോധം നമ്മിലുണ്ടായിവന്നാൽ നാം ബ്രഹ്മത്തെ സകലചരാച രങ്ങളിലും വ്യാപൃതമായിക്കണ്ട് അതിനെ ആരാധിക്കാൻ തുട ങ്ങുന്നു. ഇതാണ് ഏകഭാവമായ ആരാധന. ഇങ്ങനെ നാം പരി

പൂർണ്ണ മനസ്സാലെ ബ്രഹ്മനെയോ ഗുരുവെയോ ആരാധിച്ചാൽ നമുക്ക് ദൈവത്തോട് ഐക്യം കൈവന്ന് പൂർണ്ണാനുഭവവും ബോധവും സിദ്ധിക്കുന്നു. ചുരുക്കത്തിൽ സദാ ഗുരുനാമം ജപിച്ച് ഗുരുവെ സ്മരിച്ചാൽ നമുക്ക് ഗുരുവിന്റെ സാക്ഷാൽ ക്കാരം സകല ജീവജാലങ്ങളിലും അനുഭവപ്പെട്ടു നാം ലക്ഷ്യത്തെ പ്രാപിക്കുന്നു. താഴെ പറയുന്ന കഥ അതിന് ഉദാഹരണമാണ്.

**കാക്കാസാഹെബിന്റെ സന്ദേഹവും ആനന്ദറാവുവിന്റെ ദർശനവും**

സായിബാബ, കാക്കാസാഹെബിനോട് ശ്രീ ഏകനാഥിന്റെ ഭാഗവതവും ഭവാർത്ഥരാമായണവും നിത്യപാരായണം ചെയ്യാൻ നിർദ്ദേശിച്ചത് പരക്കെ അറിയപ്പെടുന്ന കാര്യമാണ്. ബാബ ഉള്ള കാലത്തും സമാധിക്കുശേഷവും കാക്കാസാഹെബ് പാരായണം തുടർന്നു കൊണ്ടിരിക്കുന്നു. ഒരിക്കൽ ബോംബെയിലുള്ള കാക്കാമഹാജനിയുടെ വീട്ടിൽവെച്ച് കാക്കാസാഹെബ് രാവിലെ ഏകനാഥ് ഭാഗവതം വായിക്കയായിരുന്നു. മാധവറാവു ദേശ്പാണ്ഡെ എന്ന ശാമയും കാക്കാമഹാജനിയും വായനകേട്ടുകൊണ്ടിരുന്നു. അന്നുവായിച്ചത് 11-ാം സ്കന്ധം 2-ാം അദ്ധ്യായമായിരുന്നു. അതിൽ ഋഷഭന്റെ വംശത്തിലെ 9 നാഥന്മാർ അഥവാ സിദ്ധന്മാരായ കവി, ഹരി, അന്തരീക്ഷ, പ്രബുദ്ധ, പിപ്പലായൻ, അവിർഹോത്ര, ദ്രുമില, ചാമസ്, കരഭജൻ എന്നിവർ ഭഗവത് ധർമ്മത്തെ ജനകമഹാരാജാവിന്ന് വിവരിച്ചുകൊടുക്കുന്ന ഘട്ടമാണ് വായിച്ചിരുന്നത്. ജനകൻ ചോദിച്ച സുപ്രധാനമായ ചോദ്യങ്ങൾക്ക് നാഥന്മാർ വളരെ സംതൃപ്തമായ മറുപടികൊടുക്കുന്നു. കവി ഭഗവത്ധർമ്മത്തെയും, ഹരി ഭക്തന്റെ

ഗുണങ്ങളെയും, അന്തരീക്ഷൻ മായയേയും, പ്രബുദ്ധൻ മായയെ വിജയിക്കുന്നതിനേയും, പിപ്പലായൻ പരബ്രഹ്മത്തേയും, അവിർഹോത്രൻ കർമ്മത്തെയും, ദ്രുമിലൻ ദൈവാവതാരത്തേയും, അവരുടെ കൃത്യങ്ങളെക്കുറിച്ചും, ചമസ്ഭക്തനല്ലാത്തവന് മരണാനന്തരം എന്തു സംഭവിക്കുന്നു എന്നും കരഭജൻ വിവിധ കാലങ്ങളിൽ ദൈവാരാധന ചെയ്യേണ്ടുന്ന വിവിധ രീതികളെപ്പറ്റിയും വ്യക്തമായി വിവരിച്ചു. കലികാലത്ത് ഹരിഭക്തിയാണ് പ്രധാനമെന്ന് ചുരുക്കം. വായന കഴിഞ്ഞ് കാക്കാസാഹെബ് മാധാവറാവുവിനോടും മറ്റും നിരാശനായി പറഞ്ഞു: "9 നാഥന്മാരുടെയും ഭക്തിയെപ്പറ്റിയുള്ള പ്രഭാഷണം എത്ര വിസ്മയാവഹമാണ്. പക്ഷെ അതേ സമയം അവ പ്രയോഗത്തിൽ വരുത്താൻ എത്ര പ്രയാസമാണ് ! നാഥന്മാർ തികഞ്ഞ യോഗ്യന്മാരാണ്. അവർ പറഞ്ഞ മാർഗ്ഗം വിഡ്ഢികളായ നമുക്ക് എങ്ങനെ ഫലപ്രദമാവും ? നമുക്ക് അത് പല ജന്മങ്ങളെക്കൊണ്ടും സാധിക്കുന്നില്ല. പിന്നെ എങ്ങനെ മുക്തി കിട്ടും ? നമുക്ക് യാതൊരു പ്രതീക്ഷയുമില്ലെന്നു തോന്നുന്നു". കാക്കാസഹെബിന്റെ ഈ നിലപാട് ശാമക്കിഷ്ടപ്പെട്ടില്ല. അയാൾ പറഞ്ഞു: "ബാബ പോലെയുള്ള ഒരു രത്നത്തെ ഗുരുവായിക്കിട്ടിയ ഒരാൾ ഇങ്ങനെ വിലപിക്കുന്നത് കഷ്ടമാണ്. ബാബയിൽ പരിപൂർണ്ണ വിശ്വാസമുണ്ടെങ്കിൽ എന്തിനാണിങ്ങനെ പരിഭ്രമിക്കുന്നത് ? നാഥന്മാരുടെ ഭക്തി ശക്തവും ബലവത്തുമായിരിക്കാം. നമ്മുടേത് സ്നേഹമയവും ആദരവോടുകൂടിയതുമല്ലെ? ബാബ ആധികാരികമായി, ഹരിനാമവും ഗുരുനാമവും ജപിച്ചാൽ മോക്ഷം കിട്ടുമെന്നും പറഞ്ഞതല്ലെ ? പിന്നെ ഭയത്തിനും ആശങ്കക്കും എന്താണ് സംഗതി ? മാധവറാവുവിന്റെ വിവരണംകൊണ്ടും കാക്കാസാഹെബ് തൃപ്തനായില്ല. അന്നുമുഴുവൻ അയാൾ വിശ്രമഹീനനും പരിഭ്രാന്തനുമായിക്കഴിഞ്ഞു. എങ്ങനെയാണ് നാഥന്മാരുടെ ശക്ത

മായ ഭക്തി ആർജ്ജിക്കുക എന്നായിരുന്നു അയാളുടെ വിചാരം അടുത്ത പ്രഭാതത്തിൽ താഴെ പറയുന്ന വിസ്മയം സംഭവിച്ചു.

ആനന്ദറാവു പഖാഡെ എന്നു പേരായ ഒരാൾ അവിടെ ശാമയെ അന്വേഷിച്ചു വന്നു. അന്നേരം ഭാഗവതം വായന നടക്കുന്നുണ്ട്. പഖാഡെ മാധവറാവുവിന്റെ അടുക്കലിരുന്ന് എന്തോ സ്വകാര്യം പറയുകയാണ്. അയാൾ സ്വകാര്യമായി അയാൾക്കുണ്ടായ സ്വപ്നദർശനത്തെപറ്റി പറയുകയായിരുന്നു. അതുകൊണ്ട് വായനക്ക് ലേശം തടസ്ഥമായപ്പോൾ, കാക്കാസാ ഹെബ് വായന നിർത്തി, ശാമയോട് എന്താണ് സംഗതി എന്നു ചോദിച്ചു. ശാമ പറഞ്ഞു 'ഇന്നലെ നിങ്ങൾ സംശയം പ്രകടിപ്പി ച്ചില്ലെ. ഇപ്പോൾ അതിന് വിശദീകരണം കിട്ടിയിരിക്കുന്നു. പഖാ ഡെയുടെ ദർശനത്തെപ്പറ്റി കേൾക്കുക. അത്, ഭക്തി, പ്രകടനം ഗുരുപാദങ്ങൾ നമസ്കരിച്ചും ആരാധിച്ചും പാദസേവ ചെയ്തും മാത്രം സാധ്യമാണെന്നു തെളിയിക്കുന്നു.' എല്ലാവർക്കും ദർശനത്തെപ്പറ്റി കേൾക്കണമെന്നായി. കാക്കാസാഹെബിന് പ്രത്യേകിച്ചും അവരുടെ ആവശ്യപ്രകാരം പഖാഡെ തന്റെ ദർശ നത്തെപറ്റി ഇപ്രകാരം പറയാൻ തുടങ്ങി.

ഞാൻ ആഴക്കടലിൽ അരക്കു വെള്ളത്തിൽ നിൽക്കുക യാണ്. അവിടെ ഞാൻ പെട്ടെന്ന് സായിബാബയെ കണ്ടു. അദ്ദേഹം രത്നഖചിതമായ ഒരു സിംഹാസനത്തിലിരുന്നു പാദ ങ്ങൾ വെള്ളത്തിൽ വെച്ചിരുന്നു. ഞാൻ ബാബയുടെ രൂപം കൊണ്ട് അത്യധികം സന്തുഷ്ടനും സംതൃപ്തനും ആയി ദർശനം വളരെ വ്യക്തമായതിനാൽ ഒരു സ്വപ്നത്തിലാണെന്നു പോലും കരുതിക്കൂടാ. മാധവറാവുവും അവിടെ നിൽക്കുന്നു ണ്ടായിരുന്നു. അയാളെന്നോട് സ്നേഹത്തോടെപറഞ്ഞു. 'ആന

ന്ദറാവു ! "ബാബയുടെ കാല്ക്കൽ വീഴു'. ഞാൻ ചോദിച്ചു. "എനിക്കും അങ്ങനെ ചെയ്യണമെന്നുണ്ട്. പക്ഷെ അദ്ദേഹത്തിന്റെ പാദങ്ങൾ വെള്ളത്തിലല്ലെ? എങ്ങിനെയാണു എന്റെ ശിരസ്സു പാദ ങ്ങളിൽ വെക്കുക ? ഞാൻ നിസ്സഹായനാണ്". ഇതുകേട്ട് അയാൾ ബാബയോട് പറഞ്ഞു. 'ഓ ദേവ ! അവിടുത്തെ പാദങ്ങളെ വെള്ളത്തിൽനിന്നു പുറത്തേക്കെടുത്താലും". ബാബ ഉടനെ പാദ ങ്ങൾ പുറത്തേക്കെടുത്തു. ഞാൻ അവ കടന്നുപിടിച്ച് നമസ്ക രിച്ചു. ഇതുകണ്ട ബാബ 'പൊയ്ക്കോളൂ, നിനക്ക് നന്മവരും നിനക്ക് ഭയപ്പെടാനോ ആശങ്കക്കോ യാതൊന്നുമില്ല. ഒരു സിൽക്ക് കരയുള്ളദോത്തി എന്റെ ശാമക്കു കൊടുക്കുക. നിനക്കതു കൊണ്ട് നേട്ടം വരും.' എന്നു പറഞ്ഞു.

ബാബയുടെ കല്പനക്കനുസരിച്ച് ആനന്ദറാവു കൊണ്ടു വന്ന ദോത്തി കാക്കാസാഹെബിനോട് ശാമക്കുകൊടുക്കാൻ പറ ഞ്ഞു. ശാമ അതു വാങ്ങാതെ, ബാബ തനിക്ക് എന്തെങ്കിലും സൂചന തരാതെ അതു സ്വീകരിക്കില്ലെന്നുപറഞ്ഞു. ഒടുവിൽ കാക്കാസാഹെബ് നറുക്കിടുവാൻ തീരുമാനിച്ചു. സംശയമുള്ള കാര്യങ്ങളിലെല്ലാം നറുക്കിട്ട് തീരുമാനമെടുക്കൽ കാക്കാസാഹെ ബിന്റെ ഒരു പതിവായിരുന്നു. ഇതിൽ സ്വീകരിക്കുക' 'ഉപേക്ഷി ക്കുക' എന്നീ വാക്കുകളെഴുതിയ രണ്ടു നറുക്കുകൾ ബാബയുടെ പടത്തിന്റെ കാൽക്കൽ വെച്ച് ഒരു കുട്ടിയെകൊണ്ട് നറുക്കെടു പ്പിച്ചു. സ്വീകരിക്കുക എന്നെഴുതിയ നറുക്ക് എടുത്തത് കൊണ്ട് ദോത്തി മാധവറാവുവിന്ന് കൊടുക്കുകയും അയാൾ സ്വീകരി ക്കുകയും ചെയ്തു. ഇങ്ങനെ മാധവറാവുവും ആനന്ദറാവുവും സംതൃപ്തരാവുകയും കാക്കാ സാഹെബിന്റെ പ്രശ്നം പരിഹ രിക്കുകയും ചെയ്തു.

ഈ കഥ, മറ്റു ഋഷിമാരുടെ വാക്കുകൾ ബഹുമാനിക്ക

ണമെന്നും അതേ സമയം നമ്മുടെ ഗുരുവിന്റെ വാക്കാണ് നമ്മു ക്കേറ്റവും വലുതെന്നും ആ ഉപദേശം സദാ അനുസരിക്കണ മെന്നും തെളിയിക്കുന്നു. കാരണം ഗുരുവിനാണ് മറ്റാരേക്കാളും നമ്മുടെ കാര്യം കൂടുതലറിയുക എന്നതുതന്നെ ബാബയുടെ താഴെ കാണുന്ന വാക്കുകൾ ഹൃദയത്തിൽ കൊത്തിവെക്കുക. 'ലോകത്തിൽ അസംഖ്യം ഋഷിമാരുണ്ട്. പക്ഷെ നമ്മുടെ ഗുരു വാണ് യഥാർത്ഥ ഗുരു. മറ്റുള്ളവർ പല നല്ല കാര്യങ്ങളും പറഞ്ഞിരിക്കാം. പക്ഷെ നാം നമ്മുടെ ഗുരുവാക്യങ്ങൾ ഒരി ക്കലും മറക്കരുത്. ചുരുക്കത്തിൽ നിങ്ങൾതന്നെ പരിപൂർണ്ണ മായും അർപ്പിച്ച് ബഹുമാനപുരസ്സരം ഗുരുപാദങ്ങളിൽ പ്രണ മിച്ചാൽ നിങ്ങൾക്ക് യാതൊരു സംസാരസാഗരവും കടക്കുവാ നില്ലെന്നും സൂര്യനു മുന്നിൽ ഇരുട്ട് നിൽക്കില്ലെന്നും ബോദ്ധ്യ മാവും'.

### മരപ്പലക ബാബക്ക് കിടക്കാനാണ്, ഭഗത്തിനല്ല

ആദ്യകാലങ്ങളിൽ ബാബ നാലുമുഴം നീളവും ഒരു മുഴം വീതിയുമുള്ള ഒരു പലക കെട്ടിത്തൂക്കി നാലുഭാഗം മൺവിളക്ക് കത്തിച്ചുവെച്ചാണ് ഉറങ്ങിയിരുന്നത്. പിന്നീട് ബാബ പലക തല്ലി പ്പൊളിച്ച് വലിച്ചെറിഞ്ഞു. (അദ്ധ്യായം 10) ഒരിക്കൽ ബാബ ഈ പലകയുടെ മഹത്വം കാക്കാസാഹെബിന് വിവരിച്ചുകൊടുക്കു കയായിരുന്നു. ഇതുകേട്ട് അയാൾ ബാബയോട് പറഞ്ഞു. "അവി ടുന്ന് ആ പലകയെ ഇത്രയ്ക്കിഷ്ടപ്പെടുന്നെങ്കിൽ ഞാൻ വേറെ യൊന്ന് മസ്ജിദിൽ അവിടെക്കുറങ്ങാനായി കെട്ടിത്തൂക്കിതാരം". ബാബ അതിന് "ഞാൻ മഹൽസാപതിയെ നിലത്തുകിടത്തി, മേലെ കിടന്നുറങ്ങാൻ ഇഷ്ടപ്പെടുന്നില്ല" എന്നു മറുപടി പറ ഞ്ഞു. അപ്പോൾ കാക്കാസാഹേബ് "എന്നാൽ ഞാൻ മഹൽസാ

പതിക്ക് മറ്റൊരു പലകയും ഏർപ്പാടുചെയ്യാം" ബാബ അവനെങ്ങനെ പലകയിൽ ഉറങ്ങാൻ കഴിയും? പലകയിലുറങ്ങാൻ എളുപ്പമല്ല. വളരെയധികം സൽഗുണങ്ങളുള്ളവനെ അത് കഴിയൂ. കണ്ണ് വെട്ടിത്തുറന്നുറങ്ങാൻ കഴിയുന്നവനെ അത് സാധിക്കൂ. ഞാൻ ഉറങ്ങാൻ പോവുമ്പോൾ പലപ്പോഴും മഹൽസാപതിയോട് എന്റെ അടുക്കൽ ഇരിക്കാൻ പറഞ്ഞ് എന്റെ ഹൃദയത്തിൽ കൈവെച്ച് ഭഗവന്നാമജപം നടക്കുന്നില്ലെ എന്നു നോക്കാൻ പറയും. ഞാൻ ഉറങ്ങുന്നതു കണ്ടാൽ ഉണർത്താൻ പറയും. അവനതുപോലും ചെയ്യാനാവുന്നില്ല. അവൻ തന്നെ ഉറക്കം വന്ന് ആടുന്നുണ്ടാവും. അവന്റെ കയ്യിലെ ഭാരം കല്ലുപോലെ എന്റെ ഹൃദയത്തിൽ തോന്നുമ്പോൾ ഞാൻ "ഓ ഭഗത്" എന്നു വിളിച്ചാൽ അവൻ ഇളകി കണ്ണു തുറക്കും. നിലത്തുതന്നെ ഇരുന്നുറങ്ങാൻ വയ്യാതെ, ഇരിപ്പുറക്കാത്ത, നിദ്രക്കടിമയായ, അവനെങ്ങനെ ഉയരത്തിൽ പലകയിൽ ഉറങ്ങാൻ കഴിയും? മറ്റു പല അവസരങ്ങളിലും ബാബ ഭക്തന്മാരോടുള്ള പ്രേമംകൊണ്ട് പറയും "നമ്മുടെതെന്തായാലും നമ്മുടെ കൂടെയുണ്ട് (നല്ലതായാലും ചീത്തയായാലും) മറ്റൊരുത്തനെന്താണുള്ളതെങ്കിൽ അവന്റെ കൂടെയുമുണ്ട്".

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !